**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2852** **28-02-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വന്യജീവികളുടെ മനുഷ്യവാസ മേഖലയിലേക്കുള്ള കടന്നു കയറ്റം സംബന്ധിച്ച വിഷയങ്ങൾ സമഗ്ര പഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (എ) | കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള സംസ്ഥാനതല സ്ട്രാറ്റജി രൂപീകരിക്കുന്നതിനുള്ള പഠനത്തിനായി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, കേരള വനം വകുപ്പ്, പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ എന്നിവരുമായി ചേർന്ന് 13/11/2018-ൽ ഒരു MOU ഒപ്പ് വയ്ക്കുകയും ആയത് പ്രകാരം പ്രസ്തുത പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഇടക്കാല റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. അന്തിമ റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ല. ടി പഠനം നടത്തിയതുമായി ബന്ധപ്പെട്ട പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നത് താഴെ പറയുന്ന കാരണങ്ങളാലാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്.<br><br>1. കാടിനു ചുറ്റുമുള്ള കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറി, കർഷകർ കരിമ്പ്, വാഴ പോലുള്ള വാണിജ്യ വിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിച്ചു.<br><br>2. മനുഷ്യരും, വളർത്തു മൃഗങ്ങളും വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും ചിലപ്പോൾ അപകടങ്ങൾക്ക് ഇടയാക്കുന്നു.<br><br>3. ആവാസ മേഖലകൾ ചെറുകഷണങ്ങളായി മുറിഞ്ഞു പോകുന്നത് മൂലം വന്യജീവികളുടെ സ്വൈര വിഹാരം തടസ്സപ്പെടുന്നതിനും വന്യജീവികൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നതിനും കാരണമാകുന്നു.<br><br>4. അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യ ലഭ്യത കുറയ്ക്കുന്നു.<br><br>5. യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശ ഇനം സസ്യങ്ങൾ വനത്തിനുള്ളിലും |

| | | | |
|---|---|---|---|
| | | | പുൽമേട്ടുകളിലും മറ്റും തോട്ടമായി മുൻകാലങ്ങളിൽ നട്ടു വളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണ നിലവാരം നശിപ്പിച്ചു.<br><br>6. ആധുനിക വാർത്താ വിനിമയ വിവര സങ്കേതിക സൗകര്യങ്ങൾ വർദ്ധിച്ച അളവിൽ ഉപയോഗപ്പെടുത്തുന്നത് മൂലം മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ